# Deepika

## 12 August 2018

## Kodamangalam, Idamalayar Dam, Water Level Increased, Shutter Opened



### ഇടമലയാർ ഡാമിൽ ജലനിരപ്പു കൂടി, അടച്ച ഒരു ഷട്ടർ തുറന്നു

**കോതമംഗലം:** ഇടമലയാർ ഡാമിൽ വീണ്ടും ജലനിരപ്പ് ഉയർന്നതോടെ അടച്ച മൂന്നു ഷട്ടറുകളിൽ ഒരെണ്ണം തുറന്നു. ഇന്നലെ വൈകിട്ട് ഏഴിനാണു ഷട്ടർ തുറന്നത്. ആകെയുള്ള നാലു ഷട്ടറുകളിൽ രണ്ടെണ്ണം വഴി നിലവിൽ വെള്ളമൊഴുക്കുന്നു. കഴിഞ്ഞ ദിവസം 169.17 മീറ്റർ ആയിരുന്ന ജലനിരപ്പ് 169.05 ആയി കുറഞ്ഞതോടെയായിരുന്നു മൂന്നു ഷട്ടറുകൾ അടച്ചത്. വെള്ളിയാഴ്ച അർധരാത്രി 12ന് രണ്ടു ഷട്ടറുകളും ഇന്നലെ രാവിലെ ഒരു ഷട്ടറുമാണ് അടച്ചത്.

ഇന്നലെ വൈകിട്ട് ജലനിരപ്പ് 169.10 ആയതോടെ അടച്ച ഒരു ഷട്ടർ തുറക്കാൻ തീരുമാനിക്കുകയായിരുന്നു. പരമാവധി ജലനിരപ്പായ 169 അടിയിൽ താഴും മുമ്പായിരുന്നു നേരത്തെ ഷട്ടറുകൾ അടയ്ക്കാനുള്ള തീരുമാനം. ചെറുതോണി ഡാം തുറക്കുന്നതിനാൽ പെരിയാറിലെ ജലനിരപ്പ് നിയന്ത്രിക്കാനായിരുന്നു ഇത്. ചെറുതോണിയിലെ ജലമൊഴുക്കു കുറയ്ക്കും മുമ്പ് ഇടമലയാറിലെ ഒരു ഷട്ടർ തുറന്നതു പെരിയാറിൽ വെള്ളമുയരാൻ ഇതിടയാക്കുമെന്ന ആശങ്കയുണ്ട്.